സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മെയ് 14 ഞായർ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# കർണാടക കൈവെള്ളയിൽ



| കോൺഗ്രസ് – 135 | ബി.ജെ.പി – 66 | ജെ.ഡി.എസ് – 19 | മറ്റുള്ളവർ – 4 |
|---|---|---|---|

## കൂട്ടുകക്ഷികളില്ലാതെ ഭരണത്തിലേക്ക് കോൺഗ്രസ്

ബംഗളൂരു: കർണാടക തെരഞ്ഞെടുപ്പിൽ തരംഗമായി കോൺഗ്രസ്. 224 മണ്ഡലങ്ങളിൽ 135ലും കോൺഗ്രസ് വിജയിച്ചു. ബി.ജെ.പി 66 സീറ്റുകളിലും ജെ.ഡി.എസ് 19 സീറ്റുകളിലും ഒതുങ്ങി. വമ്പൻ തിരിച്ചു വരവാണ് കോൺഗ്രസ് ഇത്തവണ നടത്തിയിരിക്കുന്നത്. കൂട്ടുകക്ഷി ഭരണമില്ലാതെ അധികാരത്തിലേറാൻ ഇത്തവണ കോൺഗ്രസിന് സാധിക്കും. ഭരണ വിരുദ്ധ വികാരമാണ് കർണാടകയയിൽ ബി.ജെ.പിയെ അധികാരത്തിൽ നിന്നും ഇറക്കിയത്. അഴിമതി ആരോപണങ്ങൾ തിരിച്ചടിയായി. മോദിയെ കേന്ദ്രീകരിച്ചുള്ള തെരഞ്ഞെടുപ്പു തന്ത്രങ്ങൾ അമ്പേ പരാജയപ്പെട്ടു.

ജെ.ഡി.എസിന് ഇത്തവണ വോട്ട് ചോർച്ചയുണ്ടായിയെന്ന് നിസംശയം പറയാം. സിദ്ധരാമയ്യ മുഖ്യമന്ത്രിയായേക്കുമെന്നാണ് കോൺഗ്രസ് വൃത്തങ്ങളിൽ നിന്ന് ലഭിക്കുന്ന സൂചന. ഹൈക്കമാൻഡാണ് അവസാന തീരുമാനം കൈക്കൊള്ളുക. അതേ സമയം വിജയം ഉറപ്പിച്ചതിന് ശേഷം മാധ്യമങ്ങളെക്കണ്ട കർണാടക പ്രദേശ് കോൺഗ്രസ് കമ്മിറ്റി അധ്യക്ഷൻ ഡി.കെ ശിവകുമാർ ഏറെ വികാരധീനനായാണ് പ്രതികരിച്ചത്. സോണിയഗാന്ധിക്ക് നൽകിയ വാക്ക് താൻ നിറവേറ്റിയെന്ന് അദ്ദേഹം പറഞ്ഞു. 2018ലെ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 55 അധിക സീറ്റുകൾ പിടിച്ചെടുക്കാൻ കോൺഗ്രസിനായി. 104 സീറ്റിൽ നിന്ന് 66 സീറ്റുകളിലേക്ക് ബി.ജെ.പി പടിയിറങ്ങിയപ്പോൾ 2018ൽ 37 സീറ്റ് ഉണ്ടായിരുന്ന ജെ.ഡി.എസിന് 18 സീറ്റിന്റെ കുറവാണ് ഇത്തവണ ഉണ്ടായത്. തെരഞ്ഞെടുപ്പിലെ ഏറ്റവും വലിയ വിജയം ഡി.കെ ശിവകുമാറിന്റേതാണ് കനകപുരയിൽ 1,20000 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ശിവകുമാർ ജയിച്ചു കയറിയത്.

ആർ.ആശോകിനെയാണ് അവിടെ പരാജയപ്പെടുത്തിയത്. വരുണയിൽ സിദ്ധരമയ്യയുടെ ഭൂരിപക്ഷം 46006 ആണ്. ബി.ജെ.പിയുടെ സോമണ്ണയയെ ആണ് സിദ്ധരാമയ്യ പരാജയപ്പെടുത്തിയത്. 10 തവണയാണ് നരേന്ദ്രമോദി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കർണാടകയിൽ പര്യടനം നടത്തിയത്. ബംഗളൂരു നഗരത്തിന്റെ തെക്കേ ഭാഗത്തുള്ള പതിനേഴ് പ്രധാന മണ്ഡലങ്ങൾ വഴി മെഗാ റോഡ് ഷോ മോദി നയിച്ചിരുന്നു. 'ദ കേരള സ്റ്റോറി'യെന്ന വിവാദ സിനമയെ പോലും മോദി തെരഞ്ഞെടുപ്പിൽ പ്രചാരണ ആയുധമാക്കി. മൈസൂർ-ബാംഗ്ലൂർ ഹൈവേ ഉൾപ്പെടെ ആയിരക്കണക്കിനു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

മുസ്ലിം സംവരണം എടുത്തു കളയലും ഹിജാബ് വിഷയവും തെരഞ്ഞെടുപ്പിൽ വിഷയമാക്കി. എന്നാൽ തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന മോദി മാജിക് സംഭവിച്ചിട്ടില്ലായെന്നാണ് വ്യക്തമാകുന്നത്. തെരഞ്ഞെടുപ്പിൽ വിജയിച്ച കോൺഗ്രസിനെ അഭിനന്ദിച്ചും മോദി രംഗത്തെത്തി. അതേ സമയം കർണാകയിൽ വെറുപ്പിന്റെ ചന്ത അടച്ചു പൂട്ടിയെന്നും പകരം അവിടെ സ്നേഹത്തിന്റെ കട തുറന്നെന്നുമാണ് രാഹുൽ ഗാന്ധി തെരഞ്ഞെടുപ്പ് വിജയത്തിൽ പ്രതികരിച്ചത്.

## സിദ്ധരാമയ്യ മുഖ്യമന്ത്രിയായേക്കും

ബംഗളൂരു: ശക്തമായ ഭരണവിരുദ്ധവികാരം അലയടിച്ച കർണാടക നിയമസഭ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ തിളക്കമാർന്ന വിജയത്തിനു പിന്നാലെ മുഖ്യമന്ത്രിയായി സിദ്ധരാമയ്യ ചുമതലയേൽക്കുമെന്ന് സൂചന. ഡി. കെ. ശിവകുമാർ ഉപമുഖ്യമന്ത്രിയാകും എന്ന് കോൺഗ്രസ് വൃത്തങ്ങൾ സൂചിപ്പിക്കുന്നു.



സംസ്ഥാനത്ത് ബി.ജെ.പിയേക്കാൾ ഇരട്ടിയിലേറെ സീറ്റുകൾ നേടി വിജയിച്ച കോൺഗ്രസിന് മുന്നിൽ നേതാക്കൾ തമ്മിൽ തർക്കങ്ങളില്ലാതെ സർക്കാർ രൂപീകരിക്കുക പ്രധാനമാണ്. കോൺഗ്രസിൽ നിന്ന് ജയിച്ചുവന്ന എം. എൽ.എമാരിലും സിദ്ധരാമയ്യയെ പിന്തുണക്കുന്നവരാണ് അധികവും. അതേസമയം തെരഞ്ഞെടുപ്പിൽ കാര്യമായി സഹായിച്ച വൊക്കലിംഗ സമുദായത്തേയും കോൺഗ്രസ് പരിഗണിക്കും. ഈ സമുദായത്തിൽ നിന്നുള്ള ഒരാളെയും ഉപമുഖ്യമന്ത്രിയാക്കും. ഡി.കെ ശിവകുമാറിന് പ്രധാനപ്പെട്ട വകുപ്പുകൾ നൽകുമെന്നുമാണ് വിവരം. തന്റെ അവസാന തെരഞ്ഞെടുപ്പാണിതെന്ന് 76 കാരനായ സിദ്ധരാമയ്യ വ്യക്തമാക്കിയിരുന്നു. 2024ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ എതിരാളിയായി രാഹുൽ ഗാന്ധി കാണുന്നത് സിദ്ധരാമയ്യയെയാണ്. അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കണമെന്ന് മകൻ യതിന്ദ്ര അഭിപ്രായപ്പെട്ടിരുന്നു. 2013 മുതൽ 2018 വരെ മുഖ്യമന്ത്രിയായ അനുഭവ പരിചയമുള്ള സിദ്ധരാമയ്യ തന്നെ ഇത്തവണയും കർണാടക മുഖ്യമന്ത്രിയാകണമെന്നു തന്നെയാണ് പാർട്ടിയിൽ ഒരു വിഭാഗവും ആവശ്യപ്പെടുന്നത്. കർണാടക കോൺഗ്രസിലെ അതികായന്മാരായ സിദ്ധരാമയ്യയെയും ഡി.കെ ശിവകുമാറിനേയും അവർക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ പുറത്തറിയിക്കാതെ ഒന്നിക്കാവുന്ന മേഖലകളിൽ ഒന്നിച്ചു കൊണ്ടുപോകാനായി എന്നതാണ് കർണാടക തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ തിളക്കമാർന്ന വിജയത്തിന് കാരണങ്ങളിലൊന്ന് എന്ന് കോൺഗ്രസ് നേതൃത്വം കരുതുന്നു.

## ബസവരാജ് ബൊമ്മെ മുഖ്യമന്ത്രി സ്ഥാനം രാജിവച്ചു

ബെംഗളൂരു: ഭരണവിരുദ്ധ വികാരം ശക്തമായി അലയടിച്ച കർണാടക തെരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് കനത്ത തോൽവി നേരിട്ടതിനു പിന്നാലെ ബസവരാജ് മുഖ്യമന്ത്രി സ്ഥാനം രാജിവച്ചു. രാജ്ഭവനിലെത്തി ഗവർണർ താവർചന്ദ് ഗെഹ്‌ലോട്ടിന് ബൊമ്മെ രാജിക്കത്ത് കൈമാറി. പരാജയം അംഗീകരിക്കുന്നതായും പരാജയത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും താൻ ഏറ്റെടുക്കുന്നതായും ബൊമ്മെ മാധ്യമപ്രവർത്തകരോട് പറഞ്ഞു. തോൽവിയിൽ നിന്ന് പാഠമുൾക്കൊണ്ട് പാർട്ടിയിൽ മാറ്റങ്ങൾ വരുത്തുമെന്നും 2024 ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ തിരിച്ചു വരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



രാജ്ഭവനിലെത്തി ഗവർണർ താവർചന്ദ് ഗെഹ്‌ലോട്ടിന് ബസവരാജ് ബൊമ്മെ രാജിക്കത്ത് കൈമാറുന്നു

# ഈ തോൽവി ഹനുമാന്റെ ഗദ കൊണ്ട് അഴിമതിയുടെ തലക്കിട്ട് കിട്ടിയ അടി: ഭൂപേഷ് ബാഗേൽ



റായ്പൂർ: കർണാടക തെരഞ്ഞെടുപ്പ് ഫലത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് കോൺഗ്രസ് നേതാക്കൾ രംഗത്ത്. കർണാടകയിലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ വമ്പിച്ച വിജയത്തിൽ മധുരം വിതരണം ചെയ്താണ് ഛത്തീസ്ഗഢ് മുഖ്യമന്ത്രി ഭൂപേഷ് ബാഗേൽ ആഹ്ലാദം പ്രകടിപ്പിച്ചത്. അഴിമതിയുടെ തലക്കിട്ട് ഹനുമാന്റെ ഗദ കൊണ്ട് കിട്ടിയ അടിയാണ് കർണാടക തെരഞ്ഞെടുപ്പിലെ ബി.ജെ.പിയുടെ തോൽവിയെന്ന് അദ്ദേഹം പറഞ്ഞു. പ്രതീക്ഷിച്ചതു പോലെ തന്നെയാണ് തെരഞ്ഞെടുപ്പ് ഫലമെന്നും മോദി മുന്നണിപ്പോരാളിയായി നിന്നുകൊണ്ട് വോട്ട് തേടിയ തെരഞ്ഞെടുപ്പിലെ പരാജയം മോദിയുടെ പരാജയമാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോൺഗ്രസിന്റെ മുന്നേറ്റത്തെ പ്രകീർത്തിച്ച് മുതിർന്ന നേതാവ് ജയ്റാം രമേഷും രംഗത്തെത്തി. കോൺഗ്രസ് വിജയിച്ചു, പ്രധാനമന്ത്രി പരാജയപ്പെട്ടു എന്നാണ് കർണാടകയിലെ ട്രെൻഡുകൾ നൽകുന്ന സൂചനയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രിയുടെ ഹിതപരിശോധന പോലെയായിരുന്ന ബി.ജെ.പി പ്രചാരണങ്ങൾ കന്നട ജനത തള്ളിക്കളഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. കർണാടക തെരഞ്ഞെടുപ്പിൽ കോൺഗ്രസ് മുന്നോട്ടു വെച്ച വിഷയങ്ങൾ തികച്ചും പ്രാദേശികങ്ങളായിരുന്നു. സാധാരണ ജനങ്ങളുടെ ജീവിതം, ഭക്ഷ്യ സുരക്ഷ, വിലക്കയറ്റം, അഴിമതി, തൊഴിലില്ലായ്മ, കർഷകരുടെ പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങൾക്ക് കോൺഗ്രസ് പ്രാധാന്യം നൽകിയപ്പോൾ വർഗീയ ധ്രുവീകരണമുണ്ടാക്കി ഭിന്നിപ്പ് പടർത്താനാണ് കർണാടകയിലെ താരപ്രചാരകനായിരുന്ന പ്രധാനമന്ത്രി ശ്രമിച്ചതെന്ന് ജയ്റാം രമേഷ് പറഞ്ഞു.

## കർണാടകയിലെ ഉജ്വല വിജയം കോൺഗ്രസിന്റെ തിരിച്ചുവരവ്: മുല്ലപ്പള്ളി രാമചന്ദ്രൻ



കോഴിക്കോട്: കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേടിയ ഐതിഹാസിക വിജയം 2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കൃത്യമായ സൂചനയാണെന്ന് മുൻ കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. കോൺഗ്രസിന്റെ ആശയാദർശങ്ങളിൽ അടിയുറച്ച്, ജനങ്ങളിലേക്കിറങ്ങി , ഒറ്റക്കെട്ടായി നീങ്ങിയാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഡി.കെ.ശിവകുമാറും സിദ്ധരാമയ്യയും ജി. പരമേശ്വരയും ബി.ജെ.പിയെ പരാജയപ്പെടുത്താൻ ഒരു മനസ്സായി, ഒന്നിച്ചു പ്രവർത്തിച്ചുവെന്നതാണ് ഈ വിജയത്തിന്റെ പ്രത്യേകത. ഇത് ഇന്ത്യയിലെ മുഴുവൻ പാർട്ടി പ്രവർത്തകരും പിന്തുടരേണ്ട മഹനീയ മാതൃകയാണ്. നരേന്ദ്ര മോദിയുടെ ഫാസിസ്റ്റ് ഭരണകൂടം ജനവിരുദ്ധ നയങ്ങളുമായി, ഹിന്ദു രാഷ്ട്ര അജണ്ടയുമായി മുന്നോട്ടു പോകുന്നു. സംഘ് പരിവാറിന്റെ സർവ്വാധിപത്യത്തെ ചെറുക്കുന്നതിൽ തീർത്തും പരാജയപ്പെട്ട സി.പി.എം നരേന്ദ്ര മോദിയുമായി ബാന്ധവത്തിലാണ്. ഈ ഒളിച്ചുകളി ജനം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. മതേതര-ജനാധിപത്യ വിശ്വാസികളുടെ മനസ് കോൺഗ്രസിനോടൊപ്പമാണ്. കോൺഗ്രസ് ദുർബലമായാൽ ഇന്ത്യ തകരുമെന്ന കൃത്യമായ ചുവരെഴുത്താണ് കർണാടകയിലെ വിധിയെഴുത്ത്. 2024 കോൺഗ്രസിന്റെ ഐതിഹാസികമായ തിരിച്ചുവരവിന്റെ വർഷമാണ്. 2019 പോലെ കേരളത്തിൽ 20ൽ20 എന്നത് തന്നെയാണ് കോൺഗ്രസിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ബി.ജെ.പിയുടെ മതവർഗീയ രാഷ്ട്രീയത്തോട് ദക്ഷിണേന്ത്യ ഗെറ്റൗട്ട് അടിച്ചു: മന്ത്രി മുഹമ്മദ് റിയാസ്



തിരുവനന്തപുരം: കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ തിരിച്ചുവരവിനെ സ്വാഗതം ചെയത് ഇടതു നേതാക്കൾ. കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ മതവർഗീയ രാഷ്ട്രീയത്തോട് ദക്ഷിണേന്ത്യ ഗെറ്റ് ഔട്ട് അടിച്ചെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്. ഫേസ് ബുക്കിലൂടെയായിരുന്നു മന്ത്രിയുടെ പ്രതികരണം. കർണാടകയിൽ വർഗീയ ശക്തികൾക്കേറ്റ പരാജയം മതേതരത്വവും ജനാധിപത്യവും ആഗ്രഹിക്കുന്ന ഇന്ത്യൻ ജനതയ്ക്ക് ആശ്വാസമാണെന്ന് മുൻ ആരോഗ്യ മന്ത്രി കെ.കെ ശൈലജ ടീച്ചറും ഫേസ്ബുക്കിൽ കുറിച്ചു. ദക്ഷിണേന്ത്യയെ ബി.ജെ.പി വിമുക്തമാക്കാനായത് സന്തോഷകരമാണെന്നായിരുന്നു സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ പ്രതികരണം. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ വന്ന് കർണാടകയിൽ ക്യാമ്പ് ചെയ്ത് പ്രചാരണം നടത്തിയിട്ടും ബി.ജെ.പിക്ക് കാര്യമുണ്ടായില്ല. വർഗീയതയോടുള്ള ശക്തമായ വിയോജിപ്പും, ഭരണവിരുദ്ധ വികാരവും കർണാടകയിൽ പ്രതിഫലിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# എ.ഐ ക്യാമറ വിവാദത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി



കൊച്ചി: എ.ഐ ക്യാമറ പദ്ധതി അഴിമതി ആരോപണത്തിൽ ജനങ്ങളോട് മറുപടി പറയേണ്ട ബാധ്യതയേ സർക്കാരിനുള്ളൂവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടെൻഡർ കിട്ടാത്ത കമ്പനികളാണ് പരാതിക്കാർ. പദ്ധതി ഏതെങ്കിലും പ്രത്യേക കമ്പനിയെ ഏൽപ്പിച്ചതല്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റ് വേദിയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ടെൻഡർ വിളിച്ച് കുറഞ്ഞ തുക രേഖപ്പെടുത്തിയവർക്കാണ് നൽകിയത്. കിട്ടാത്തവർ ചില്ലറക്കാരല്ല, അവരാണ് പരാതിക്കാർ. രാജ്യത്ത് അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഇപ്പോഴത്തെ കരാറുകാർക്ക് വിഹിതം ഓരോയിടത്തും കൊണ്ടുചെന്ന് കൊടുക്കേണ്ട അവസ്ഥയില്ല. ഇപ്പോൾ രാഷ്ട്രീയ വിരോധത്തിനപ്പുറം പുതിയ പുതിയ കഥകൾ തയ്യാറാക്കുന്നു. നിർഭാഗ്യവശാൽ ഈ കഥകൾക്ക് വലിയ പ്രചാരണം കിട്ടുന്നു. കുബുദ്ധികൾക്ക് മറുപടിയില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. എഐ ക്യാമറ പദ്ധതിയിൽ സർക്കാരിനും മുഖ്യമന്ത്രിക്കുമെതിരേ നിരവധി ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചത്. പദ്ധതിക്ക് ഉപകരാർ ലഭിച്ച കമ്പനികളിൽ മുഖ്യമന്ത്രിയുടെ മകന്റെ ഭാര്യാപിതാവിന്റെ ബിനാമിയുണ്ടെന്ന് വരെ ആരോപണമുയർന്നിരുന്നു.

## കർണാടകയിൽ പ്രതിഫലിച്ചത് ജനവികാരം: വി.ഡി സതീശൻ



തിരുവനന്തപുരം: കോൺഗ്രസിനും രാഹുലിനും ജനങ്ങൾ നൽകുന്ന ഐക്യദാർഢ്യമാണ് കർണാടക തെരഞ്ഞെടുപ്പ് ഫലമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ജനവികാരമാണ് കർണാടക തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിച്ചത്. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ സർവസന്നാഹങ്ങളും അണിനിരന്ന് ബി. ജെ. പിക്കായി പ്രചാരണം നടത്തിയിട്ടും കോൺഗ്രസിന് ഒറ്റയ്ക്ക് ഭരണം നടത്താനുള്ള ക്ലീൻ ചീറ്റാണ് ജനങ്ങൾ നൽകിയതെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. മോദിക്കും അദാനിക്കുമെതിരെ വിരൽ ചൂണ്ടി ചോദ്യങ്ങൾ ചോദിക്കുന്ന രാഹുലിന് ജനങ്ങൾ നൽകുന്ന പിന്തുണയാണിതെന്നും രാഹുലിനെ ജയിലിൽ അടക്കാനുള്ള ശ്രമത്തിനെതിരായ ജനവികാരം കൂടിയാണിതെന്നും അദ്ദേഹം വ്യക്തമാക്കി. വർഗീയതക്കും വിദ്വേഷത്തിനുമെതിരേ രാഹുൽ ഗാന്ധി നടത്തുന്ന പോരാട്ടങ്ങൾക്കുള്ള ജനപിന്തുണയാണ് കർണാടകയിലെ വിജയമെന്ന് സതീശൻ കൂട്ടിച്ചേർത്തു.

## കർണാടക തെരഞ്ഞെടുപ്പ് ഫലം വർഗീയ കാർഡുകൊണ്ട് എല്ലാം നേടാമെന്ന ബി.ജെ.പി കാഴ്ചപ്പാടിനുള്ള തിരിച്ചടിയെന്ന് ലീഗ്

മലപ്പുറം: കർണാടക തെരഞ്ഞെടുപ്പ് ഫലത്തിൽ ആത്മവിശ്വാസം പ്രകടിപ്പിച്ച് യു. ഡി. എഫ് നേതാക്കൾ. തെരഞ്ഞെടുപ്പ് ഫലം രാജ്യത്തൊട്ടാകെ കോൺഗ്രസിന്റെ പ്രവർത്തനത്തിൽ പ്രതിഫലിക്കുമെന്ന് മുസ്ലീം ലീഗ് നേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. വർഗീയ കാർഡ് കൊണ്ട് എല്ലാം നേടാം എന്ന ബി. ജെ. പി കാഴ്ചപ്പാടിനുള്ള തിരിച്ചടിയാണിതെന്നും പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. 2024 വിജയത്തിലേക്കുള്ള യാത്ര ആണ്.

കോൺഗ്രസ് നേതൃത്വത്തിലുള്ള മുന്നണി കേന്ദ്രത്തിൽ അധികാരത്തിൽ വരുമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. 2024 ലോക്സഭ തെരഞ്ഞെടുപ്പിന്റെ ചൂണ്ടുപലകയാണ് കർണാടക തെരഞ്ഞെടുപ്പ് ഫലമെന്ന് മുസ്ലീം ലീഗ് നേതാവ് ഇ. ടി. മുഹമ്മദ് ബഷിർ എം. പി. പറഞ്ഞു. മോദിയുടെ താരപ്രഭാവത്തിനേറ്റ തിരിച്ചടിയാണ് തെരഞ്ഞെടുപ്പ് ഫലമെന്നും രാജ്യത്ത് മൂന്നാം മുന്നണിക്ക് സാധ്യതയില്ലെന്ന വ്യക്തമായെന്നും ഇ.ടി പറഞ്ഞു.

## മോദി എന്ന മാജിക് കൊണ്ട് രക്ഷപ്പെടാൻ കഴിയില്ലെന്ന് വ്യക്തമായി: കെ.മുരളീധരൻ എം.പി



കോഴിക്കോട്: മോദി എന്ന മാജിക് കൊണ്ട് രക്ഷപ്പെടാൻ കഴിയില്ലെന്ന് വ്യക്തമായതായി കെ. മുരളീധരൻ എം. പി പറഞ്ഞു. ബി. ജെ. പി യെ നേരിടാൻ ഇപ്പോഴും കരുത്ത് കോൺഗ്രസിനു തന്നെയെന്നും മുരളീധരൻ പറഞ്ഞു. രാഹുൽ ഗാന്ധി തന്നെയാണ് കോൺഗ്രസിന്റെ ക്രൗഡ് പുള്ളർ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കോൺഗ്രസ് വിജയം രാജ്യത്തിനു നൽകുന്നത് നല്ല സന്ദേശമെന്ന് സാദിഖലി തങ്ങളും പ്രതികരിച്ചു. സംസ്ഥാനത്തെ ന്യൂനപക്ഷ വോട്ടുകൾ ഏകീകരിച്ചു. ദക്ഷിണേന്ത്യയിൽ ബി.ജെ.പിക്ക് സ്വാധീനം ഇല്ലെന്ന് തെളിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.

# കർണാടക നിയമസഭാ തെരഞ്ഞെടുപ്പിലെ കോൺഗ്രസ് വിജയം; ആഘോഷമാക്കി കൊടുവള്ളി മണ്ഡലം കമ്മിറ്റി

കൊടുവള്ളി: കർണാടക നിയമസഭാ തെരഞ്ഞെടുപ്പിലെ കോൺഗ്രസിന്റെ വിജയത്തോടനുബന്ധിച്ച് കൊടുവള്ളി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ആഘോ പരിപാടികൾ സംഘടിപ്പിച്ചു. ആഹ്ലാദപ്രകടനവും മധുര പലഹാര വിതരണവും പൊതുയോഗവും നടത്തി. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് സി.കെ ജലീൽ പൊതുയോഗം ഉദ്ഘാടനം ചെയ്തു യു.ഡി.എഫ് മുനിസിപ്പൽ കൺവീനർ സി.പി റസാഖ് മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറിമാരായ പി.ആർ മഹേഷ്, എൻ.വി നൂർ മുഹമ്മദ്, മണ്ഡലം കോൺഗ്രസ് കമ്മിറ്റി ഭാരവാഹികളായ കരീം ചുണ്ടപ്പുറം, ഗഫൂർ മുക്കലങ്ങാടി, സി. കെ. അബാസ്, ഷാഫി കെ.പി, ടി.ബാബു, യു.വി ഷമീർ, പി.സി ജമാൽ തുടങ്ങിയവർ സംസാരിച്ചു. പ്രകടനത്തിന് കെ. ശിവദാസൻ, ടി.പി.സി നവാസ്, സി.പി റഷീദ്, പി.സി ഫിജാസ്, ഫിലിപ് ചോല, ശരീഫ് മാനിപുരം എന്നിവർ നേതൃത്വം നൽകി.




കർണാടക നിയമസഭാ തെരഞ്ഞെടുപ്പിലെ കോൺഗ്രസിന്റെ വിജയത്തോടനുബന്ധിച്ച് കൊടുവള്ളി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ആഹ്ലാദപ്രകടനത്തിൽ നിന്ന്

# 'ബി.കെ വെങ്ങാലിൽ' അനുസ്മരണം സംഘടിപ്പിച്ചു




'ബി.കെ വെങ്ങാലിൽ' അനുസ്മരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മാതൃഭൂമി മാനേജിങ് ഡയരക്ടർ എം.വി ശ്രേയാംസ് കുമാർ

കോഴിക്കോട്: 'ബി.കെ വെങ്ങാലിൽ' അനുസ്മരണം സംഘടിപ്പിച്ചു. അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങ് മാതൃഭൂമി മാനേജിങ് ഡയരക്ടർ എം.വി ശ്രേയാംസ് കുമാർ ഉദ്ഘാടനം ചെയ്തു. വെങ്ങാലിലിന്റെ കാലഘട്ടത്തിലെ രാഷ്ട്രീയ പ്രവർത്തനത്തിൻെ ലക്ഷ്യം സമൂഹ നന്മമാത്രമായിരുന്നു. എന്നാൽ തനിക്ക് എന്ത് കിട്ടുമെന്ന് നോക്കിയാണ് ഇന്നത്തെ രാഷ്ട്രീയ പ്രവർത്തനം. ഈ സാഹചര്യത്തിലാണ് വൊങ്ങാലിലിനെ പോലെയുള്ളവരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾക്ക് പ്രസക്തിയേറുന്നതെന്ന് ശ്രേയാംസ് കുമാർ പറഞ്ഞു. ജാതിയോ മതമോ നോക്കാതെ മനുഷ്യനെ മനുഷ്യനായിക്കണ്ട് സമൂഹ നന്മയ്ക്കാ യി പ്രവർത്തിച്ച സാമൂഹിക പ്രവർത്തനായിരുന്നു വെങ്ങാലിലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ പി.ജെ ജോഷ്വ അധ്യക്ഷത വഹിച്ചു. തന്റെ സുഹൃത്തായിരുന്ന വെങ്ങാലിലിനെ കുറിച്ച് എം.ടി വാസുദേവൻ നായർ സ്വന്തം കൈപ്പടയിലെഴുതിയ സന്ദേശം ബി.കെ വെങ്ങാലിലിന്റെ മകൾ അഞ്ജലി വേദിയിൽ വായിച്ചു. സംഘാടക സമിതി കൺവീനർ എം.എസ് രാജൻ, പി.കെ പാറക്കടവ്, മഞ്ചേരി സുന്ദർരാജ്, കെ.ജയരാജ്, ഇരിങ്ങൽ കൃഷ്ണൻ, ആറ്റക്കോയ പള്ളിക്കണ്ടി, ടി.പി ദാസൻ, ഒ.രാജഗോപാൽ, സി.ഇ ചാക്കുണ്ണി, ഡോ. യു.ഹേമന്ത് കുമാർ, അജിത് വെങ്ങാലി തുടങ്ങിയവർ സംസാരിച്ചു.

## വന്ദേ ഭാരത് കൂടുതൽ സർവീസുകൾ കേരളത്തിൽ ആരംഭിക്കണം; മലബാർ ചേംബർ ഓഫ് കൊമേഴ്സ്



കോഴിക്കോട്: ബുക്കിങ്ങിലും വരുമാനത്തിലും റെക്കോർഡിട്ട വന്ദേ ഭാരത് ട്രെയിൻ കൂടുതൽ സർവീസുകൾ കേരളത്തിൽ ആരംഭിക്കണമെന്ന് മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് എം.എ മെഹബൂബ് ആവശ്യപ്പെട്ടു. കേരളത്തിൽ സർവീസ് ആരംഭിച്ചതുമുതൽ വന്ദേ ഭാരത് തുടരുന്ന സമയനിഷ്ഠയും ഉയർന്ന വരുമാനവും അഭിനന്ദനം അർഹിക്കുതാണ്. നിലവിൽ തിരുവനന്തപുരത്ത് നിന്നും കാസർകോട്ടേക്കും തിരിച്ചുമുള്ള വന്ദേ ഭാരത് സർവീസിന്റെ ആവറേജ് ബുക്കിംഗ് 225% ആണ്. യാത്രക്കാർ കൂടുതലായി ഈ സർവീസ് ഉപയോഗപ്പെടുത്താൻ സന്നദ്ധരാണ്. അതിനാൽ യാത്രക്കാർ കൂടുതൽ ഉള്ള മംഗലാപുരം-കോയമ്പത്തൂർ റൂട്ടിൽ വന്ദേ ഭാരത് സർവീസ് തുടങ്ങണം. കൂടാതെ കാസർകോട്ട് നിന്നും തിരുവനന്തപുരത്തേക്കും തിരിച്ചും ഒരു സർവീസ് കൂടെ ആരംഭിക്കണമെന്നും മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസ്താവനയിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു.വ്യാപാര ആവശ്യങ്ങൾക്ക് പ്രധാന കേന്ദ്രങ്ങളുമായി ബന്ധപ്പെടാൻ അതിവേഗ ട്രെയിൻ സർവീസ് ഉപകാരപ്പെടുന്നുണ്ട്. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ നവീകരണം ദ്രുതഗതിയിൽ പൂർത്തിയാക്കണമെന്നും മലബാർ ചേംബർ നേതൃത്വം ആവശ്യപ്പെട്ടു.

# മാതൃദിനത്തിൽ അമ്മമാർക്കായി വെൽനെസ് പാക്കേജുകളിൽ 50% ഇളവുകൾ പ്രഖ്യാപിച്ച് കോഴിക്കോട് ആസ്റ്റർ മിംസ്

കോഴിക്കോട്: കോഴിക്കോട് ആസ്റ്റർ മിംസിൽ ലോക മാതൃദിനത്തോടനുബന്ധിച്ച് മെയ് 14 മുതൽ ജൂൺ 14 വരെ സ്ത്രീകൾക്കായി വെൽനെസ് പാക്കേജുകൾ പ്രഖ്യാപിച്ചു. അമ്മമാരുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്ന പരിശോധനകളും വിവിധ ടെസ്റ്റുകളും ഉൾപ്പെടെ ഏഴ് പാക്കേജുകളിലായാണ് 50% ഡിസ്കൗണ്ട് പ്രഖ്യാപിച്ചിരിക്കുന്നത്. കൂടാതെ മാമ്മോഗ്രഫിയ്ക്കും 50 ശതമാനം കിഴിവും ലഭ്യമാണ്. 'ആരോഗ്യപ്രശ്നങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ കൂടുതൽ ഫലപ്രദമായ രീതിയിൽ അതിനെ കൈകാര്യം ചെയ്യാൻ സാധിക്കും. വ്യത്യസ്ത പ്രായക്കാർക്കും അവരുടെ വിവിധ ആരോഗ്യ ആവശ്യങ്ങൾക്കും അനുയോജ്യമായ പാക്കേജുകളാണ് ആസ്റ്റർ മിംസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ഓരോ അമ്മമാർക്കും ഏറ്റവും മികച്ച പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ആസ്റ്റർ മിംസ് പ്രതിജ്ഞാബദ്ധരാണെന്ന്' കോഴിക്കോട് ആസ്റ്റർ മിംസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലുക്മാൻ പൊന്മാടത്ത് പറഞ്ഞു.സ്ത്രീകളുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിന് സമഗ്രമായ പരിശോധനകളും ടെസ്റ്റുകളും വാഗ്ദാനം ചെയ്യുന്നതിൽ ആസ്റ്റർ മിംസ് അഭിമാനിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആസ്റ്റർ സിൽവർ പ്ലസ്, ആസ്റ്റർ ഗോൾഡ് പ്ലസ്, ആസ്റ്റർ സിൽവർ, ആസ്റ്റർ ഗോൾഡ്, ആസ്റ്റർ ബേസിക്, ആസ്റ്റർ ഹാർട്ട് ചെക്കപ്പ്, മാമ്മോഗ്രഫി എന്നിങ്ങനെ ഏഴ് പാക്കേജുകളിൽ നിന്ന് ഡോക്ടറുടെ പരിശോധന കൂടാതെ തന്നെ അവരവർക്ക് അനുയോജ്യമായ പാക്കേജ് സ്വയം തിരഞ്ഞെടുക്കാം. മുൻകൂട്ടി ബുക്കിംഗ് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 91-9539425653 എന്ന നമ്പറിലേക്ക് ബന്ധപ്പെടാവുന്നതാണ്.



പി.ജി രവീന്ദ്രൻ രചിച്ച 'സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തക പ്രകാശനം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ, പ്രൊഫ.കെ.ഇ.എൻ കുഞ്ഞഹമ്മദിന് നൽകി നിർവഹിച്ചപ്പോൾ. പീപ്പിൾസ് റിവ്യൂ പത്രാധിപർ പി.ടി നിസാർ, പി.ആർ നാഥൻ, പി.ജി രവീന്ദ്രൻ, ആറ്റക്കോയ പള്ളിക്കണ്ടി, ഡോ.എൻ.എം സണ്ണി എന്നിവർ സമീപം

# 'സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തകം പ്രകാശനം ചെയ്തു

കോഴിക്കോട്: പി.ജി രവീന്ദ്രൻ രചിച്ച 'സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തക പ്രകാശനം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ, പ്രൊഫ. കെ.ഇ.എൻ കുഞ്ഞഹമ്മദിന് നൽകി നിർവഹിച്ചു. പി.ആർ നാഥൻ അധ്യക്ഷത വഹിച്ചു. പീപ്പിൾസ് റിവ്യൂ സ്പെഷ്യൽ സപ്ലിമെന്റ് ഡോ.കെ.കുഞ്ഞാലി, ഡോ. എൻ.എം സണ്ണിക്ക് നൽകി പ്രകാശനം ചെയ്തു. ആറ്റക്കോയ പള്ളിക്കണ്ടി, പി.അനിൽബാബു ആശംസകൾ നേർന്നു. പി.ജി രവീന്ദ്രൻ മറുമൊഴി നടത്തി. പീപ്പിൾസ് റിവ്യൂ പത്രാധിപർ പി.ടി നിസാർ സ്വാഗതവും ജനറൽ മാനേജർ പി.കെ ജയചന്ദ്രൻ നന്ദിയും പറഞ്ഞു. പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസാണ് പ്രസാധകർ.

# പഞ്ചാബിന് വിജയപ്രഭ

## ഡൽഹിയെ 31 റൺസിന് തോൽപ്പിച്ചു. പ്രഭ്സിമ്രാൻ സിംഗിന് സെഞ്ചുറി(103)

ന്യൂഡൽഹി: ഡൽഹിയെ 31 റൺസിന് പരാജയപ്പെടുത്തി പഞ്ചാബ് കിംഗ്സ്. ആദ്യം ബാറ്റ് ചെയ്ത പഞ്ചാബ് നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 167 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ ഡൽഹിക്ക് എട്ട് വിക്കറ്റ് നഷ്ടത്തിൽ 136 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. ഓപ്പണിങ് ബാറ്റ്സ്മാൻ പ്രഭ്സിമ്രാന്റെ കിടിലൻ സെഞ്ചുറി മികവിലാണ് പഞ്ചാബ് ഭേദപ്പെട്ട സ്കോർ കണ്ടെത്തിയത്.

മറുഭാഗത്ത് വിക്കറ്റുകൾ വീഴുമ്പോഴും ഒരു ഭാഗത്ത് ഉരുക്കുപോലെ ഉറച്ചുനിന്ന് പ്രഭ്പതിയെ സ്കോറുയർത്തി. 10 ഫോറിന്റേയും ആറ് സിക്സിന്റേയും അകമ്പടിയോടെ 63 പന്തിൽ 103 റൺസാണ് പ്രഭ് നേടിയത്. ഡൽഹിക്ക് വേണ്ടി ഇഷാന്ത് ശർമ രണ്ട് വിക്കറ്റുകൾ നേടി. മറുപടി ബാറ്റിങ്ങിൽ മികച്ച തുടക്കം ലഭിച്ചിട്ടും അത് മുതലാക്കാൻ ഡൽഹിക്കായില്ല. ബാറ്റ്സ്മാൻമാർ വിക്കറ്റ് കളഞ്ഞുകുളിക്കുന്നതിലായിരുന്നു മുൻപന്തിയിൽ. ആദ്യവിക്കറ്റിൽ ഫിൽ സാൾട്ടും ഡേവിഡ് വാർണറും 69 റൺസാണ് ഡൽഹിക്കായി നേടിയത്. 21 റൺസെടുത്ത ഫിൽ സാൾട്ടിനെ മടക്കി ഹർപ്രീത് ബ്രാർ പഞ്ചാബിന് ആദ്യ ബ്രേക്ക്ത്രൂ നൽകി. തുടർന്നു വന്നവർക്കാർക്കും നിലയുറപ്പിക്കാനായില്ല. 54 റൺസെടുത്ത് മികച്ച ഫോമിലായരുന്ന ഡേവിഡ് വാർണറേയും ഹർപ്രീത് ബ്രാർ മടക്കിയതോടു കൂടി ഡൽഹി പ്രതീക്ഷകൾ മങ്ങി. പഞ്ചാബിനായി ഹർപ്രീത് ബ്രാർ നാലും നഥാൻ എല്ലിസ് രാഹുൽ ചഹാർ എന്നിവർ രണ്ട് വിക്കറ്റുകളും നേടി. പ്രഭ്സിമ്രാൻ സിംഗാണ് കളിയിലെ താരം.



ഡൽഹിക്കെതിരേ സെഞ്ചുറി നേടിയ പ്രഭ്സിമ്രാൻ സിംഗ് കാണികളെ അഭിവാദ്യം ചെയ്യുന്നു

# സൂപ്പർ ലഖ്നൗ

## സൺറൈസേഴ്സിനെതിരേ ലഖ്നൗവിന് ഏഴ് വിക്കറ്റ് വിജയം



ഹൈദരാബൈദ്: സൺറൈസേഴ്സ് ഹൈദരാബാദിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി പ്ലേ ഓഫ് സാധ്യതകൾ സജീവമാക്കി ലഖ്നൗ സൂപ്പർ ജയന്റ്സ്. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ഹൈദരാബാദ് നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 182 റൺസെടുത്തു 29 പന്തിൽ 47 റൺസെടനുത്ത ഹെൻറിച്ച് ക്ലാസനാണ് ഹൈദരാബാദിന്റെ ടോപ്സ്കോറർ. ലഖ്നൗവിനായി ക്രുനാൽ പാണ്ഡ്യ രണ്ട് വിക്കറ്റ് നേടി. മറുപടി ബാറ്റിങ്ങിൽ 14 പന്തിൽ രണ്ട് റൺസ് നേടി ദയനീയ പ്രകടനം നടത്തിയ കൈൽ മയേഴ്സിനെ തുടക്കത്തിൽതന്നെ ഗ്ലെൻ ഫിലിപ്സ് പുറത്താക്കി.

കിന്റോൺ ഡിക്കോക്ക് 29 റൺസുമായും പവലിയനിലേക്ക് മടങ്ങി. എന്നാൽ പ്രേരക് മങ്കാടും മാർക്കസ് സ്റ്റോയിനിസും മൂന്നാം വിക്കറ്റിൽ 73 റൺസ് കൂട്ടിച്ചേർത്തു. 40 റൺസ് നേടിയ സ്റ്റോയിനിസ് 16ാം ഓവറിൽ പുറത്തായെങ്കിലും. തുടർന്നു വന്ന നിക്കോളസ് പൂരൻ കളി അനായാസം ലഖ്നൗവിന്റെ ട്രാക്കിലാക്കി. പ്രേരക് മങ്കാട് 45 പന്തിൽ പുറത്താകാതെ 64 റൺസ് നേടി. പൂരൻ പുറത്താകാതെ 13 പന്തിൽ 44 റൺസ് നേടി. അഭിഷേക് ശർമയെറിഞ്ഞ 16ാം ഓവറാണ് കളിയിൽ നിർണായകമായത്.

സൺറൈസേഴ്സിൽ നിന്ന് വിജയം തെന്നിമാറിയത് ഈ ഓവറിലായിരുന്നു. 31 റൺസാണ് അഭിഷേക് ശർമ 16ാം ഓവറിൽ വഴങ്ങിയത്. ആദ്യ പന്തിൽ മാർക്കസ് സ്റ്റോയിനിസ് സിക്സ് നേടി. അടുത്ത പന്ത് വൈഡായിരുന്നു. രണ്ടാം പന്തിൽ സ്റ്റോയിനിസ് വീണ്ടും പന്ത് അതിർത്തി കടത്തി. മൂന്നാം പന്തിൽ മായങ്ക് മർക്കണ്ടേക്ക് ക്യാച്ച് നൽകി സ്റ്റോയിനിസ് മടങ്ങി. നാലും അഞ്ചും ആറും പന്തുകൾ തുടരെ നിക്കോളസ് പുരൻ സിക്സർ പറത്തി. പിന്നീടുള്ള നാലോവറുകളിൽ വെറും 38 റൺസ് മാത്രം മതിയായിരുന്നു ലഖ്നൗവിന്. പ്രേരക് മങ്കാടാണ് കളിയിലെ താരം.

സൺറൈസേഴ്സിനെതിരേ കളി ജയിച്ച ശേഷം മൈതാനം വിടുന്ന നിക്കോളസ് പൂരനും പ്രേരക് മങ്കാടും



സുകുമാർ അഴീക്കോട് മാഷിന്റെ 97-ാമത് ജന്മവാർഷികാഘോഷം കാരപ്പറമ്പിലെ വാഗ്ഭടാനന്ദ മന്ദിരത്തിൽ വച്ച് നടൻ ജയരാജ് വാര്യർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# അഴീക്കോട് മാഷിന്റെ 97ാമത് ജന്മ വാർഷികവും ധർമ്മരാജ് കാളൂരിന്റെ ഫോട്ടോ അനാച്ഛാദനവും

കോഴിക്കോട്: സുകുമാർ അഴീക്കോട് മാഷിന്റെ 97-ാമത് ജന്മവാർഷികാഘോഷം കാരപ്പറമ്പിലെ വാഗ്ഭടാനന്ദ മന്ദിരത്തിൽ വച്ച് സുകുമാർ അഴീക്കോട് ഫൗണ്ടേഷന്റേയും രമാശ്രമം ട്രസ്റ്റിന്റേയും വാഗ്ഭടാനന്ദ ട്രസ്റ്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തി. ചടങ്ങിൽ ധർമ്മരാജ് കാളൂരിന്റെ ഫോട്ടോ അനാച്ഛാദന കർമവും നടന്നു. ചലച്ചിത്ര നടൻ ജയരാജ് വാര്യരാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തതും ഫോട്ടോ അനാച്ഛാദന കർമവും നിർവഹിച്ചത്. അഴീക്കോട് മാഷില്ലാത്ത കേരളം ശൂന്യമാണെന്നും കേരള മനഃസാക്ഷിയുടെ ശബ്ദമായിരുന്നു അദ്ദേഹമെന്നും ജയരാജ് വാര്യർ അഭിപ്രായപ്പെട്ടു. ഡോ.ടി.പി.വി സുരേന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹാഫിസ് മുഹമ്മദ്, എം.ബാലഗോപാൽ, മോൻസി വാർഗീസ്, വെങ്കിടാചലം, കെ.പി സുധീര എന്നിവർ സംസാരിച്ചു.

# മാഹിയിൽ സാംസ്കാരികോത്സവം നടത്തും

മാഹി: പുതുച്ചേരി കലാസംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജൂൺ രണ്ടാം വാരത്തിൽ മയ്യഴിയിൽ കൾച്ചറൽ ഫെസ്റ്റും. പെയിന്റേഴ്സ്ക്യാമ്പും നടത്തും. മയ്യഴി മേഖലയിലെ കലാകാരന്മാർക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു മേളയാണ് ഇവിടെ അരങ്ങേറുക. മേളയിൽ സാംസ്കാരിക വകുപ്പ് മന്ത്രി ചന്ദ്രപ്രിയങ്കയും പുതുച്ചേരി സാംസ്ക്കാരിക വകുപ്പ് ഡയരക്ടറും പങ്കെടുക്കും. പരിപാടി വളരെ മികച്ചതാക്കാൻ എല്ലാ സാംസ്കാരിക കലാസംഘടനകളുടേയും സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് രമേശ് പറമ്പത്ത് എം.എൽ.എ അറിയിച്ചു.

# മർകസ് മദനീയം സാദാത്ത് ഭവന സമർപ്പണം: സ്വാഗത സംഘം രൂപീകരിച്ചു

കാരന്തൂർ: മർകസും മദനീയം കൂട്ടായ്മയും സംയുക്തമായി സയ്യിദ് കുടുംബങ്ങൾക്ക് നിർമിച്ചു നൽകുന്ന ഭവന പദ്ധതി സമർപ്പണത്തിന്റെ വിജയത്തിനായി 101 അംഗ സ്വാഗത സംഘം രൂപീകരിച്ചു. 21 ഞായറാഴ്ച വൈകീട്ട് നാല് മണി മുതൽ മർകസിൽ നടക്കുന്ന സമർപ്പണ ചടങ്ങിൽ പണി പൂർത്തീകരിച്ച 111 വീടുകളാണ് അർഹരായ സയ്യിദ് കുടുംബങ്ങൾക്ക് കൈമാറുന്നത്. മത-സാമൂഹിക-രാഷ്ട്രീയ രംഗത്തെ പ്രമുഖരുടെ സാന്നിധ്യത്തിൽ നടക്കുന്ന സമർപ്പണ ചടങ്ങിൽ കേരള, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്ന് ആയിരത്തിലധികം പേർ സംബന്ധിക്കും. സ്വാഗത സംഘം ഭാരവാഹികൾ: സയ്യിദ് അബ്ദുൽ ഫത്താഹ് അഹ്ദൽ അവേലം (ചെയർമാൻ), മജീദ് കക്കാട് (ജനറൽ കൺവീനർ), സയ്യിദ് സ്വാലിഹ് ശിഹാബ് (ഫിനാൻസ്), സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, സയ്യിദ് മുഹമ്മദ് ബാഫഖി (വൈസ് ചെയർമാൻമാർ), പി.യൂസുഫ് ഹൈദർ, സിദ്ദീഖ് ഹാജി കോവൂർ, പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, സി.പി ഉബൈദുല്ല സഖാഫി, കെ.കെ ശമീം(കൺവീനർമാർ), അബ്ദുലത്തീഫ് സഖാഫി പെരുമുഖം(ചീഫ് കോ-ഓർഡിനേറ്റർ), അക്ബർ ബാദുശ സഖാഫി(കോ-ഓർഡിനേറ്റർ), സികെ മുഹമ്മദ് ഇരിങ്ങണ്ണൂർ(ഓഫീസ്).

# 'നവകേരളം, വൃത്തിയുള്ള കേരളം'; നാദാപുരത്ത് അങ്കണവാടി ജീവനക്കാരും രംഗത്ത്

നാദാപുരം: 'നവകേരളം, വൃത്തിയുള്ള കേരളം' പദ്ധതിയുടെ ഭാഗമായി നാദാപുരത്ത് അങ്കണവാടി ടീച്ചർമാരുടേയും വർക്കർമാരുടെയും യോഗം ചേർന്നു. അങ്കണവാടികളെ മാലിന്യം വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിക്കുവാനും മാലിന്യ സംസ്കരണം സംബന്ധിച്ച് അജൈവ മാലിന്യ സംസ്കരണത്തിൽ വാതിൽപ്പടി സേവനം 100% എത്തിക്കുന്നതിന് വേണ്ടി അങ്കണവാടികൾ കേന്ദ്രീകരിച്ച് അമ്മമാരുടെ യോഗം വിളിച്ചുചേർക്കുവാനും തീരുമാനിച്ചു. അങ്കണവാടികളിൽ പഠിക്കുന്ന കുട്ടികളുടെ വീടുകളിൽ ഹരിത ചട്ടം ഉറപ്പു വരുത്തി മുഴുവൻ പരിപാടികളിലും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തുന്നതാണ്. കൂടാതെ ജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന്റെ പ്രാധാന്യം ഓരോ വീട്ടുകാർക്കും ടീച്ചർമാർ പറഞ്ഞു ബോധ്യപ്പെടുത്തി കൊടുക്കും. അങ്കണവാടി ടീച്ചർമാരുടെ സംഗമം പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മാര്യാട്ട് അധ്യക്ഷത വഹിച്ചു. അങ്കണവാടികൾ കേന്ദ്രീകരിച്ച് നടത്തേണ്ട ശുചിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ് ക്ലാസെടുത്തു. സ്ഥിരം സമിതി അധ്യക്ഷന്മാരായ സി.കെ നാസർ, എം.സി സുബൈർ, ജനിത ഫിർദൗസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ പി.ബിന്ദു, ഹെൽത്ത് ഇൻസ്പെക്ടർ കെ.സതീഷ് ബാബു എന്നിവർ സംസാരിച്ചു. ചടങ്ങിൽ വച്ച് സർവീസിൽ നിന്ന് വിരമിച്ച അങ്കണവാടി പ്രവർത്തകരായ എൻ.ചന്ദ്രി, വി.പി ലതിക, ടി.എ പത്മാവതി, എം.കെ ശാന്ത എന്നിവർക്ക് പഞ്ചായത്തിന്റെ സ്നേഹോപഹാരം പ്രസിഡന്റ് വിതരണം ചെയ്തു.




അങ്കണവാടി ടീച്ചർമാരുടെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി



പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പി.ജി രവീന്ദ്രൻ രചിച്ച 'സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തകം ഏറ്റുവാങ്ങി സംസാരിക്കുന്ന കെ.ഇ.എൻ കുഞ്ഞഹമ്മദ്

# നീതിയെക്കുറിച്ചോർക്കുമ്പോൾ പെരുവഴിയിലേക്ക് വലിച്ചെറിയപ്പെട്ടവരാണ് ഇന്ത്യക്കാർ: കെ.ഇ.എൻ കുഞ്ഞഹമ്മദ്

കോഴിക്കോട്: നീതിയെക്കുറിച്ചോർക്കുമ്പോൾ പെരുവഴിയിലേക്ക് വലിച്ചെറിയപ്പെട്ടവരാണ് ഇന്ത്യക്കാരെന്ന് പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ പ്രൊഫ. കെ.ഇ.എൻ കുഞ്ഞഹമ്മദ് പറഞ്ഞു. പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച പി.ജി രവീന്ദ്രൻ രചിച്ച ' സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തകം ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യം കുറയുമ്പോൾ വംശഹത്യ വളരും. നീതിയുടെ ഉള്ളടക്കം വിവേചനങ്ങൾക്കുമപ്പുറമാണ്. നാം വിവേചനങ്ങളുടെ നടുവിലാണ്. ഏത് സാഹചര്യത്തിലും ആത്മാഭിമാനത്തോടെ ജീവിക്കാൻ നീതി ആവശ്യമാണ്. നീതി ന്യൂക്ലിയസാണ്. നീതി പുലർന്നില്ലെങ്കിൽ ലോകമില്ല. രാജ്യത്ത് മാധ്യമസ്വാതന്ത്ര്യം അപകടത്തിലാണ്. ആണ്മ, പെണ്മ എന്നത് പോലെ ട്രാൻസ്മ എന്നതുകൂടി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ കാഴ്ചപ്പാട് ഇവിടെക്കൊണ്ടും നിൽക്കില്ല. ഏറ്റവും പിറകിൽ വന്നവരാണ് ചരിത്രത്തിൽ മുന്നിൽ നടക്കുന്നവരായി മാറുന്നത്. വർത്തമാനകാല സാമൂഹിക സാഹചര്യങ്ങളിൽ പി.ജി രവീന്ദ്രന്റെ രചനയായ 'സാമൂഹ്യനീതിയും ലിംഗസമത്വവും' എന്നതിന് വലിയ പ്രസക്തിയുണ്ടെന്നദ്ദേഹം കൂട്ടിച്ചേർത്തു.

## 'മുരുകേഷ് കാക്കൂർ പുരസ്കാരം' ജയൻ തിരുമനയ്ക്ക്



കോഴിക്കോട്: മുരുകേഷ് കാക്കൂർ പുരസ്കാരം നാടക സംവിധായകനും നാടക രചയിതാവും നടനുമായ ജയൻ തിരുമനയ്ക്ക് സമ്മാനിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പതിനായിരത്തി ഒന്ന് രൂപയും ഫലകവുമടങ്ങുന്ന പുരസ്കാരം 18ന് വൈകീട്ട് നാല് മണിക്ക് കാക്കൂർ ഗ്രാമീണ വായനശാല ഹാളിൽ വച്ച് നടക്കുന്ന ' ഓർമകളിൽ കുട്ടേട്ടൻ' എന്ന മുരുകേഷ് കാക്കൂർ അനുസ്മരണ പരിപാടിയിൽ വച്ച് പ്രമുഖ നാടകപ്രവർത്തകൻ കെ.രവിവർമ സമ്മാനിക്കും. മുന്നൂറോളം നാടകങ്ങൾക്ക് രചനയും സംവിധാനവും നിർവഹിച്ച ജയൻ തിരുമന, എഴുപതോളം നാടക സമിതികൾക്ക് വേണ്ടി എഴുതുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. നാടക രചനക്കും സംവിധാനത്തിനുമുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡുകൾ നേടിയിട്ടുള്ള ജയൻ തിരുമനയ്ക്ക് ഗുരുകുലം എന്ന നാടകത്തിന് സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ ജൂറി പുരസ്കാരവും ലഭിച്ചിട്ടുണ്ട്. വാർത്താസമ്മേളനത്തിൽ രമേഷ് കാവിൽ, കലാമണ്ഡലം സത്യവ്രതൻ, ഷിബു പാലാഴി, സുധി പി.സി പാലം എന്നിവർ പങ്കെടുത്തു.




ഹർഷിനയുടെ രണ്ടാംഘട്ട സമര പ്രഖ്യാപന കൺവെൻഷൻ ഡി.സി.സി പ്രസിഡന്റ് അഡ്വ. കെ.പ്രവീൺ കുമാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## ഹർഷിനയുടെ രണ്ടാംഘട്ട സമരം 22ന് ആരംഭിക്കും

കോഴിക്കോട്: മെയ് 22ന് രാവിലെ 10 മണിക്ക് കോഴിക്കോട് മെഡിക്കൽ കോളേജിനു മുൻപിൽ സമരസഹായ സമിതിയുടെ നേതൃത്വത്തിൽ ഹർഷിനയുടെ രണ്ടാംഘട്ട സമരം ആരംഭിക്കും. സമര പ്രഖ്യാപന കൺവെൻഷൻ ഡി.സി.സി പ്രസിഡന്റ് അഡ്വ. കെ.പ്രവീൺകുമാർ ഉദ്ഘാടനം ചെയ്തു. സമരത്തിനുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രതിജ്ഞ അദ്ദേഹം ചൊല്ലിക്കൊടുത്തു. കൺവെൻഷനിൽ സമരസമിതി ചെയർമാൻ ദിനേശ് പെരുമണ്ണ അധ്യക്ഷത വഹിച്ചു. കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. പി.എം നിയാസ്, മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി അഡ്വ. എ.വി അൻവർ, സി.എം.പി ജില്ലാ സെക്രട്ടറി അഷ്റഫ് മണക്കടവ്, വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് ടി.കെ മാധവൻ, വനിതാ ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ഷറഫുന്നിസ ടീച്ചർ, വിമൻസ് ജസ്റ്റിസ് മൂവ്മെന്റ് സംസ്ഥാന വൈസ് പ്രസിഡന്റ് സുബൈദ കക്കോടി, മഹിളാ കോൺഗ്രസ് ജില്ലാ സെക്രട്ടറി കെ.ഇ സാബിറ, കെ.എം.എഫ് ജില്ലാ പ്രസിഡന്റ് സുനിത പാലാട്ട്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സുജിത്ത് കാഞ്ഞോളി എന്നിവർ സംസാരിച്ചു. കൺവീനർ മുസ്തഫ പാലാഴി സ്വാഗതവും എ.ഹമീദ് മൗലവി നന്ദിയും പറഞ്ഞു.

# മർകസ് ദേശീയ വിദ്യാഭ്യാസ പദ്ധതി: ബംഗാളിൽ ത്വയ്ബ ഗാർഡൻ ഷീ ക്യാമ്പസ് കെട്ടിടം ഉദ്ഘാടനം ചെയ്തു




മർകസ് ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പശ്ചിമ ബംഗാളിൽ നിർമിച്ച ത്വയ്ബ ഗാർഡൻ ഷീ ക്യാമ്പസ് കെട്ടിടം സംസ്ഥാന ഉപഭോക്തൃ വകുപ്പ് മന്ത്രി ബിപ്ലബ് മിത്ര ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

കൊൽക്കത്ത: രാജ്യവ്യാപകമായി മർകസ് ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പശ്ചിമ ബംഗാളിൽ ത്വയ്ബ ഗാർഡൻ ഷീ ക്യാമ്പസിന്റെ പുതിയ കെട്ടിടം സംസ്ഥാന ഉപഭോക്തൃ വകുപ്പ് മന്ത്രി ബിപ്ലബ് മിത്ര ഉദ്ഘാടനം ചെയ്തു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മർകസിന്റെ നേതൃത്വത്തിൽ നടക്കുന്ന വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തനങ്ങളെ ജനങ്ങളും ഭരണകൂടവും വലിയ പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് ഉദ്ഘാടന സംഗമത്തെ സംബോധന ചെയ്ത് മന്ത്രി പറഞ്ഞു. സാധാരണക്കാരുടെ ഉന്നത വിദ്യാഭ്യാസ മോഹങ്ങൾക്ക് ചിറകുനൽകാൻ മർകസ് വലിയതോതിൽ പ്രവർത്തിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളിൽ ബംഗാളിൽ തൈബ ഗാർഡൻ നിർവഹിച്ച പ്രവർത്തനങ്ങളെ മാനിച്ച് വരുംഭാവിയിലെ പദ്ധതികളിൽ സർക്കാരിന്റെ ശക്തമായ പിന്തുണ ഉറപ്പുനൽകുന്നുവെന്നും മന്ത്രി പറഞ്ഞു.

ദക്ഷിൺ ദിനജ്പൂർ ജില്ലയിലെ തപ്പനിനടുത്ത് ബഗോയ്ട്ടിൽ 2018ൽ ആരംഭിച്ച ഷീ ക്യാമ്പസിൽ നിലവിൽ നൂറോളം വിദ്യാർഥിനികൾ പഠിക്കുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കൂടുതൽ പേർക്ക് താമസിച്ചുപഠിക്കാനുള്ള സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായാണ് പുതിയ കെട്ടിടം നിർമിച്ചത്. ത്വയ്ബ ഗാർഡൻ ഷീ ക്യാമ്പസിന്റെ സൗജന്യ സ്ത്രീ വിദ്യാഭ്യാസത്തിലൂടെ ഒട്ടനവധി കുടുംബങ്ങളിൽ അറിവിന്റെ സന്ദേശമെത്തിക്കാൻ സാധിച്ചു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ പ്രദേശത്തെ ശൈശവ വിവാഹങ്ങളുടെ തോത് കുറക്കാനും ഷീ ക്യാമ്പസിനായി. ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് ശേഷം കേന്ദ്ര സർവകലാശാലകളിലെ പഠനത്തിനും നീറ്റ് പോലുള്ള പ്രവേശന പരീക്ഷാ പരിശീലനത്തിനും സ്ഥാപനം സംവിധാനമൊരുക്കുന്നു. പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് തൊഴിൽ- നൈപുണി പരിശീലനവും തൊഴിലുപകരണങ്ങളും വിവാഹ ധനസഹായവും നൽകുന്നു.

ചടങ്ങിൽ ഈ വർഷം ഒക്ടോബറിൽ നടക്കുന്ന തൈബ ഗാർഡൻ പത്താം വാർഷിക പ്രഖ്യാപനം ഡയരക്ടർ സുഹൈറുദ്ദീൻ നൂറാനി പ്രഖ്യാപിച്ചു.100 പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം,100 ഗ്രാമങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങൾ, 50 കുടുംബങ്ങൾക്കുള്ള ഭവന പദ്ധതി തുടങ്ങി വ്യത്യസ്ത പദ്ധതികൾ സമ്മേളനത്തോടനുബന്ധിച്ച് പൂർത്തിയാക്കുമെന്ന് അദ്ദേഹം അറിയിച്ചു. ബനിയാസ് സ്പേക് മാനേജിങ് ഡയരക്ടർ അബ്ദുറഹ്മാൻ ഹാജി കുറ്റൂർ, സ്ട്രോങ് ലൈറ്റ് മാനേജിങ് ഡയരക്ടർ നാസർ ഹാജി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശലിപിക റോയ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജു ദാസ്, ജില്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ ബിപ്ലബ് ഖാൻ, ജില്ലാ മുനിസിപ്പൽ ചെയർമാൻ അശോക് മിത്ര എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.